# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2081 — 08/03/2018-ൽ മറുപടിക്ക്

### ജലവൈദ്യുത പദ്ധതികളുടെ ഭാഗമായി പുനരധിവസിപ്പിച്ചവരുടെ വിവരം

<table>
<tr><td></td><td>ചോദ്യം<br><br>ശ്രീ.വി.ടി.ബൽറാം<br>,, പി.ടി. തോമസ്</td><td></td><td>ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരളത്തിലെ ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; അവ സ്ഥിതിചെയ്യുന്ന പ്രദേശം, നദി, പദ്ധതിയുടെ പേര് എന്നിവ വ്യക്തമാക്കാമോ;</td><td>(എ)</td><td>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ വലുതും ചെറുതുമായി '36' ജലവൈദ്യുത പദ്ധതികൾ ഉണ്ട്. വിശദാംശം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. കൂടാതെ '8' ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിശദാംശം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.<br><br>എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി സ്വകാര്യ സംരഭകർക്ക് അനുവദിച്ച് പൂർത്തീകരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>
<table>
<tr><th>പദ്ധതിയുടെ പേര്</th><th>പ്രദേശം</th><th>നദി</th></tr>
<tr><td>അള്ളുങ്കൾ (7MW)</td><td>ചിറ്റാർ, പത്തനംതിട്ട</td><td>കാക്കാട്</td></tr>
<tr><td>കാരിക്കയം (15MW)</td><td>ചിറ്റാർ, പത്തനംതിട്ട</td><td>കാക്കാട്</td></tr>
<tr><td>ഇരുട്ടുകാനം (4.5MW)</td><td>വെള്ളത്തൂവൽ,ഇടുക്കി</td><td>കല്ലാർ</td></tr>
<tr><td>പാതംകയം (8MW)</td><td>കോടഞ്ചേരി പഞ്ചായത്ത്</td><td>ഇരുവഞ്ഞി പുഴ</td></tr>
</table>
ഈ പദ്ധതികളെല്ലാം സ്വകാര്യ സംരഭകർക്ക് സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ അവ നിയമപരമായി നടപ്പിലാക്കുന്നത് സംരഭകരുടെ ഉത്തരവാദിത്വത്തിലാണ്.</td></tr>
<tr><td>(ബി)</td><td>ഓരോ പദ്ധതികളുടെയും നടത്തിപ്പിനായി ഈ പ്രദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിച്ച പട്ടികവർഗ്ഗ വിഭാഗ</td><td>(ബി)</td><td>1980-ലെ വന സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട നട</td></tr>
</table>

| | | | |
|---|---|---|---|
| | ത്തിലുള്ളവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | | പ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മാങ്കുളം ജലവൈദ്യുതി പദ്ധതിയുടെ പ്രദേശത്തു നിന്നും 10 പട്ടിക വർഗ്ഗ കുടുംബങ്ങളെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവിൽ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇപ്പോൾ നിർമ്മാണം നടന്നു വരുന്ന 8 ജലവൈദ്യുത പദ്ധതികളുടെയും നടത്തിപ്പിനായി പദ്ധതി പ്രദേശത്തുനിന്നും പട്ടിക വിഭാഗത്തിലുള്ളവരെ മാറ്റിപ്പാർപ്പിച്ചിട്ടില്ല. വന സംരക്ഷണ നിയമം വരുന്നതിനു മുമ്പേ നടപ്പിലാക്കിയ പദ്ധതികൾക്കു വേണ്ടി മാറ്റി താമസിപ്പിച്ചവരുടെ വിവരം ലഭ്യമല്ല. |
| (സി) | ഓരോ പദ്ധതികളുടെയും ഭാഗമായി പുനരധിവസിപ്പിച്ച കുടുംബങ്ങളുടെ എണ്ണം, പുനരധിവസിപ്പിച്ച സ്ഥലങ്ങൾ എന്നിവ വ്യക്തമാക്കാമോ ; | (സി) | നിർദ്ദിഷ്ട മാങ്കുളം പദ്ധതിയുടെ ഭാഗമായി 14 കുടുംബങ്ങളെ ദേവികുളം താലൂക്ക്, കുഞ്ചിത്തണ്ണി വില്ലേജിൽ ആനച്ചാൽ കരയിലും 10 പട്ടിക വർഗ്ഗ കുടുംബങ്ങളെ ദേവികുളം താലൂക്ക് മന്നാംകണ്ടം വില്ലേജിൽ പത്താം മൈൽ കരയിലും പുനരധിവസിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഓരോ പദ്ധതികളുടെയും ഭാഗമായി പുനരധിവസിപ്പിച്ച കുടുംബങ്ങൾക്ക് നൽകിയ ഭൂമി, നടപ്പാക്കിയ പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ വ്യക്തമാക്കാമോ ? | (ഡി) | മാങ്കുളം പദ്ധതിയുടെ ഭാഗമായി 14 കുടുംബങ്ങൾക്ക് 3 സെന്റ് സ്ഥലം വീതവും 10 പട്ടിക വർഗ്ഗ കുടുംബങ്ങൾക്കായി 7.60 ഏക്കർ സ്ഥലവും നൽകിയിട്ടുണ്ട്. കൂടാതെ വീട് നഷ്ടപ്പെട്ട 6 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് അവർ താമസിച്ചിരുന്ന സ്ഥലത്തിനോട് ചേർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവിൽ പകരം വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം. I

## നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | ജലവൈദ്യുത പദ്ധതിയുടെ പേര് | പദ്ധതി സ്ഥിതി ചെയ്യുന്ന പ്രദേശം | നദി |
|---|---|---|---|
| 1 | പള്ളിവാസൽ | ചിത്തിരപുരം-ഇടുക്കി | മുതിരപ്പുഴ |
| 2 | ചെങ്കുളം | വെള്ളത്തൂവൽ-ഇടുക്കി | |
| 3 | നേരിയമംഗലം | പനംകുടി-ഇടുക്കി | |
| 4 | പന്നിയാർ | വെള്ളത്തൂവൽ-ഇടുക്കി | |
| 5 | പൊരിങ്ങൽകുത്ത് | പൊരിങ്ങൽകുത്ത്-തൃശ്ശൂർ | ചാലക്കുടി |
| 6 | ഷോളയാർ | ഷോളയാർ- തൃശ്ശൂർ | |
| 7 | ശബരിഗിരി | മൂഴിയാർ-പത്തനംതിട്ട | പമ്പ |
| 8 | കുറ്റ്യാടി | കക്കയം-കോഴിക്കോട് | കുറ്റ്യാടി |
| 9 | ഇടുക്കി | മൂലമറ്റം-ഇടുക്കി | പെരിയാർ |
| 10 | ഇടമലയാർ | ഇടമലയാർ-എറണാകുളം | |
| 11 | കല്ലട | തെന്മല-കൊല്ലം | കല്ലടയാർ |
| 12 | പേപ്പാറ | പേപ്പാറ-തിരുവനന്തപുരം | കരമനയാർ |
| 13 | ലോവർ പെരിയാർ | കരിമണൽ-ഇടുക്കി | പെരിയാർ |
| 14 | മാട്ടുപ്പെട്ടി | മാട്ടുപ്പെട്ടി-ഇടുക്കി | മുതിരപ്പുഴ |
| 15 | പൊരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് | പൊരിങ്ങൽകുത്ത്-തൃശ്ശൂർ | ചാലക്കുടി |
| 16 | കക്കാട് | സീതത്തോട്-പത്തനംതിട്ട | കക്കാടാർ |
| 17 | കുറ്റ്യാടി എക്സ്റ്റൻഷൻ | കക്കയം-കോഴിക്കോട് | കുറ്റ്യാടി |
| 18 | മലമ്പുഴ | മലമ്പുഴ-പാലക്കാട് | ഭാരതപ്പുഴ |
| 19 | ചെമ്പുക്കടവ് സ്റ്റേജ്-I | ചെമ്പുക്കടവ് } കോഴിക്കോട് | ചാലിപ്പുഴ |
| 20 | ചെമ്പുക്കടവ് സ്റ്റേജ്-II | ചെമ്പുക്കടവ്, } കോഴിക്കോട് | |
| 21 | ഉറുമി സ്റ്റേജ്-I | ഉറുമി } കോഴിക്കോട് | പൊയിലാണ്ടപ്പുഴ |
| 22 | ഉറുമി സ്റ്റേജ്-II | ഉറുമി } കോഴിക്കോട് | |
| 23 | മലങ്കര | മലങ്കര - ഇടുക്കി | പെരിയാർ |
| 24 | ലോവർ മീൻമുട്ടി | പാലോട്-തിരുവനന്തപുരം | വാമനപുരം |
| 25 | നേര്യമംഗലം എക്സ്റ്റൻഷൻ | പനംകുടി-ഇടുക്കി | മുതിരപ്പുഴ |
| 26 | കുറ്റ്യാടി ടെയിൽറേസ് | കക്കയം-കോഴിക്കോട് | കുറ്റ്യാടി |
| 27 | കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ | കക്കയം-കോഴിക്കോട് | കുറ്റ്യാടി |
| 28 | പൂഴിത്തോട് | പൂഴിത്തോട്-കോഴിക്കോട് | കടന്ത്രപ്പുഴ |
| 29 | റാന്നി-പെരുനാട് | റാന്നി-പെരുനാട്-പത്തനംതിട്ട | കക്കാടാർ |
| 30 | പീച്ചി | പീച്ചി-തൃശ്ശൂർ | മണലിപ്പുഴ |
| 31 | വിലങ്ങാട് | വിലങ്ങാട്-കോഴിക്കോട് | വാണിയംപുഴ |
| 32 | ചിമ്മിനി | ചിമ്മിനി-തൃശ്ശൂർ | ചിമ്മിനിപ്പുഴ |
| 33 | ആഢ്യൻപാറ | ആഢ്യൻപാറ-മലപ്പുറം | കാഞ്ഞിരപ്പുഴ |
| 34 | ബാരാപ്പോൾ | കട്ടംപുഴ-കണ്ണൂർ | ബാരാപ്പോൾ |
| 35 | വെള്ളത്തൂവൽ | വെള്ളത്തൂവൽ-ഇടുക്കി | മുതിരപ്പുഴ |
| 36 | പെരുന്തേനരുവി | പെരുന്തേനരുവി-പത്തനംതിട്ട | പമ്പ |

സെക്ഷൻ ഓഫീസർ

# അനുബന്ധം. II

## നിർമ്മാണ പുരോഗമിക്കുന്ന ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | ജലവൈദ്യുത പദ്ധതിയുടെ പേര് | പദ്ധതി സ്ഥിതി ചെയ്യുന്ന പ്രദേശം | നദി |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | ചിത്തിരപുരം, ഇടുക്കി | മുതിരപ്പുഴ |
| 2 | തോട്ടിയാർ | നീണ്ടപ്പാറ, ഇടുക്കി | ദേവിയാർ |
| 3 | ചാത്തൻകോട്ടുനട | തോട്ടിൽപ്പാലം, കോഴിക്കോട് | കുറ്റ്യാടി |
| 4 | പൊരിങ്ങൽകുത്ത് SHP | പൊരിങ്ങൽകുത്ത്, തൃശ്ശൂർ | ചാലകുടി |
| 5 | ഭൂതത്താൻകെട്ട് | ഭൂതത്താൻകെട്ട്, എറണാകുളം | പെരിയാർ |
| 6 | പഴശ്ശിസാഗർ | പടിയൂർ-കയിലൂർ, കണ്ണൂർജില്ല | ഇരുട്ടിപ്പുഴ |
| 7 | കക്കയം | കക്കയം, കോഴിക്കോട് | കുറ്റ്യാടി |
| 8 | അപ്പർകല്ലാർ | വിരിപ്പാറ, ഇടുക്കി | കല്ലാർ |

സെക്ഷൻ ഓഫീസർ